പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7359 — 14.7.2014-ൽ മറുപടിക്ക്

## നഗരങ്ങളിലെ ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' കെ. മുരളീധരൻ
'' പാലോട് രവി

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

(എ) നഗരങ്ങളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(എ) ഉണ്ട്. 1994-ാം മാണ്ടിലെ കേരള നഗരപാലിക ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം എന്നിവ നടപ്പിലാക്കുന്നതിലേക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സഹായവും തയ്യാറാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും നഗരസഭകൾക്ക് നൽകി വരുന്നു.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ചീഞ്ഞളിയുന്ന മാലിന്യങ്ങൾ (ബയോഡീഗ്രേഡബിൾ മാലിന്യങ്ങൾ) ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കാനും പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റുകളിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കുന്നുകൂടി ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയുക, പൊതുനിരത്തുകൾ വൃത്തിയായി സൂക്ഷിക്കുക, വൻനഗരങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ടിതമായ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപാദിപ്പിക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) വൻ നഗരങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റുകളിൽ ഗ്യാസിഫിക്കേഷൻ, പൈറോളിസിസ്, ഇൻസിനറേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ഡി) ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ തിരുവനന്തപുരത്ത് ചാലയിലും കൊച്ചിയിൽ ബ്രഹ്മപുരത്തും സ്ഥാപിക്കുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ യഥാക്രമം കെ.എസ്.ഐ.ഡി.സി. യെയും കൊച്ചി നഗരസഭയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ